ഭരണപരവും ധനപരവുമായ അധികാരങ്ങളുടെ വിഭജനവും ചട്ടങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളും

33. സഹകരണ വകുപ്പിൽ വിവിധ തലങ്ങളിലെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ പ്രത്യേകം നിശ്ചയിച്ച് മുമ്പുതന്നെ ഉത്തരവ് നൽകിയിട്ടുള്ളതാണ്. വകുപ്പിൽ ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ദൈനംദിനം കൈകാര്യം ചെയ്യപ്പെടുന്ന വിഷയങ്ങൾ ലഘൂകരിക്കപ്പെട്ട ചട്ടങ്ങൾ മുഖേനയാണ് നിർവ്വഹിക്കപ്പെടുന്നത് എന്നുറപ്പ് വരുത്തുക.

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വകുപ്പിലെ വിവിധതലങ്ങളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചുമതല നിശ്ചയിച്ച് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 1 മുതൽ 676 ദിവസംവരെ വിവിധ കാലയളവുകളും ടി കാലയളവിനുള്ളിൽ നടപ്പിലാക്കേണ്ട പദ്ധതികളും നിശ്ചയിച്ചിട്ടുണ്ട്. സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ഓഫീസ് തലത്തിൽ സഹകരണസംഘം രജിസ്ട്രാർ അദ്ധ്യക്ഷനായും അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്), ജോയിന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.), ഫിനാൻസ് ആഫീസർ എന്നിവർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ച് അവലോകനം നടത്തിവരുന്നുണ്ട്.

സഹകരണ വകുപ്പിലെ ജീവനക്കാരുടെ JDC ട്രെയിനിംഗ്

127 (472) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിലെ ജീവനക്കാരെ ജെ.ഡി.സി. ട്രെയിനിംഗിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) 2015-16-ലെ ജെ.ഡി.സി. ട്രെയിനിംഗിന് എത്ര പേരെയാണ് തെരഞ്ഞെടുത്തത് ; അവരുടെ പേരുവിവരം അറിയിക്കാമോ ; അവരെല്ലാം സർവ്വീസിൽ പ്രവേശിച്ചത് എന്നാണ് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന്റെ 28-9-1964-ലെ ജി.ഒ.(എം.എസ്) 645/64/അഗ്രി നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നിലവിൽ ജെ.ഡി.സി. പരിശീലനത്തിന് സഹകരണ വകുപ്പിലെ ജീവനക്കാരെ നിയോഗിച്ചുവരുന്നത്. ടി ഉത്തരവ് പ്രകാരം ജെ.ഡി.സി. പരിശീലനത്തിന് ജീവനക്കാരെ നിയോഗിക്കുമ്പോൾ, വകുപ്പുതല പരീക്ഷകൾ പാസ്സായവർക്ക് മുൻഗണന നൽകുന്നതിനും ഇത്തരത്തിൽ വകുപ്പുതല പരീക്ഷകൾ പാസ്സായവരുടെ അഭാവത്തിൽമാത്രം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നതിനുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. കൂടാതെ, സർക്കാരിന്റെ 31-8-1984-ലെ ജി.ഒ.(പി) നമ്പർ 309/84/ജി.എ.ഡി ഉത്തരവ് പ്രകാരം 50 വയസ്സ് പൂർത്തീകരിച്ച, വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ള ജീവനക്കാരെയും ജെ.ഡി.സി. പരിശീലനത്തിന് നിയോഗിച്ചുവരുന്നുണ്ട്.

(ബി) 2015-16-ലെ ജെ.ഡി.സി. പരിശീലനത്തിനായി 49 ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഖാദി ഗ്രാമവ്യവസായ മേഖലയിലെ വികസനം

128 (473) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ മേഖലയുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(സി) ഖാദിക്ക് ആഗോള ട്രേഡ് മാർക്ക് നേടുന്നതിന് എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ട് ; ഇതിന്റെ നിലവിലെ സ്ഥിതി എന്താണ് ;

(ഡി) ഖാദി വസ്ത്രങ്ങളിൽ ഓർഗാനിക് ചായങ്ങൾ ഉപയോഗിക്കുന്ന രീതി അവലംബിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ&ബി) ഖാദി ഗ്രാമവ്യവസായ മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.